# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2251** — **05/12/2018-ൽ മറുപടിക്ക്**

## നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന രക്തബാങ്കുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന രക്തബാങ്കുകൾ അടച്ച് പൂട്ടുന്നതിനും നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ? | എ) രാജ്യമൊട്ടാകെ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ്. ഷെഡ്യൂൾ എഫ് പാർട്ട് XII (B) -ലെ വ്യവസ്ഥകൾ പ്രകാരമാണ്. സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പും ചേർന്നാണ് ബ്ലഡ് ബാങ്കുകളുടെ ലൈസൻസിംഗും പ്രവർത്തനങ്ങളും നിയന്ത്രിച്ച് വരുന്നത്. പ്രതിവർഷം 2000 യൂണിറ്റിൽ അധികം രക്തം ആവശ്യമുള്ള ആശുപത്രികൾക്കും, സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകളായ ഐ. എം. എ, റെഡ് ക്രോസ് സൊസൈറ്റി എന്നിവർക്ക് മാത്രമേ ലൈസൻസുകൾ അനുവദിക്കുന്നുള്ളൂ. സംസ്ഥാനത്ത് നിയമ-വിരുദ്ധമായി ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ബ്ലഡ് ബാങ്കുകൾ നിയമവിരുദ്ധമായി പ്രവർത്തിപ്പിക്കുന്നവർക്കെതിരെ ഒരു വർഷം മുതൽ മൂന്ന് വർഷം വരെ തടവ് ശിക്ഷ ലഭിക്കുന്ന വ്യവസ്ഥയാണ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്റ്റിൽ നിഷ്കർഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ